പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 90 26.09.2011 ൽ മറുപടിക്ക്

**സർക്കാരിന്റെ വിവിധ വകുപ്പുകൾവഴി നേരിട്ടും ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വഴിയും നൽകിയ പരസ്യങ്ങൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.കൃഷ്ണൻ | ശ്രീ.കെ.സി.ജോസഫ് (ഗ്രാമവികസവും ആസൂത്രണവും സാംസ്ക്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സെപ്റ്റംബർ 20 വരെ സർക്കാരിന്റെ വിവിധ വകുപ്പുകൾ വഴി നേരിട്ടും ഇൻഫർമേഷൻ-പബ്ലിക് റിലേഷൻസ് വഴിയും നൽകിയ പരസ്യങ്ങൾ എത്രയാണ് ; ഇതിൽ നൂറുദിന പരിപാടിയുടെ ഭാഗമായിട്ടുള്ള പരസ്യച്ചെലവ് എത്ര ;<br><br>(ബി) ഈ പരസ്യങ്ങൾക്കെല്ലാമായി മൊത്തം എന്തു തുക ചെലവ് വരും; ഇതിനകം എന്തു തുക ചെലവായിട്ടുണ്ട് ;<br><br>(സി) ചാനലുകൾക്ക് നൽകിയ പരസ്യങ്ങളുടെ ചെലവ് എത്ര ; ദിനപത്രങ്ങൾക്ക് നൽകിയ പരസ്യങ്ങളുടെ ചെലവ് എത്ര; അല്ലാതെയുള്ള മൊത്തം പരസ്യങ്ങളുടെ ചെലവ് എത്ര ; | (എ), (ബി) & (സി) വിവിധ വകുപ്പുകൾ നേരിട്ട് നല്കിയ പരസ്യങ്ങളുടെ വിവരം ശേഖരിച്ചു വരുന്നു. ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് വകുപ്പിൽ നിന്നും പുറപ്പെടുവിച്ച 110 പരസ്യങ്ങളുടെ ചെലവ് ഈ വകുപ്പിന്റെ ഫണ്ടിൽ നിന്നും നേരിട്ടും നൽകേണ്ടതുണ്ട്. ഈയിനത്തിൽ ചെലവാകുന്ന തുകയുടെ വിശദാംശങ്ങൾ ശേഖരിച്ച് നൽകുന്നതാണ്. |

| | |
|---|---|
| (ഡി) പരസ്യങ്ങൾ നൽകുന്നതിനായി ഇൻഫർമേഷൻ- പബ്ലിക് റിലേഷൻസ് വകുപ്പിന് ഒരു വർഷത്തേയ്ക്ക് ബഡ്ജറ്റിൽ വകയിരുത്തിയ തുക എത്ര ? | (ഡി) 2011-12 സാമ്പത്തിക വർഷത്തിൽ പരസ്യങ്ങൾ നൽകുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ വകയിരുത്തിയ തുകയുടെ വിശദാംശം ചുവടെ കൊടുക്കുന്നു. |

2220-60-101-99-(P)പ്രദർശന പരസ്യം
**Budget Allotment 3** കോടി 90 ലക്ഷം
**Advance from "8000 Contigency fund"** 12 കോടി
ആകെ: 15 കോടി 90 ലക്ഷം.

2220-60-101-97-01 (എൻ)-
അച്ചടിമാധ്യമം -2 കോടി
2220-60-101-97-02 (എൻ)-
ഇലക്ട്രോണിക് മാധ്യമം-2കോടി

Mumthaz A
സെക്ഷൻ ഓഫീസർ